പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **253**

10.12.2012 ൽ മറുപടിയ്ക്ക്

## ലോക്കപ്പ് മർദ്ദനം

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. ജി. സുധാകരൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ സി.പി.എം. പ്രവർത്തകരെ 26-10-2012 രാത്രി കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ പരിധിയിൽ 26.10.2012-ൽ രാത്രി കാക്കാഴം വ്യാസാ ജംഗ്ഷനിൽ മദ്യപിച്ച് കലഹസ്വഭാവികളായി കാണപ്പെട്ട നവാസ്, റിയാസ്, സക്കീർ, സരീഷ് എന്നിവരെ ഉദ്ദേശം രാത്രി 10.30 മണിക്ക് അറസ്റ്റ് ചെയ്ത് വൈദ്യ പരിശോധന നടത്തി പോലീസ് സ്റ്റേഷനിൽ എത്തിച്ച് ക്രൈം നമ്പർ 1100/12 U/s 118(a) KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ്. |
| (ബി) | മർദ്ദനത്തിൽ ആർക്കെങ്കിലും പരിക്കേറ്റിട്ടുണ്ടോ ; | (ബി) പ്രതികൾക്കെതിരെ മർദ്ദനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മേൽ പറയുന്ന കേസിലെ പ്രതികൾ കലഹസ്വഭാവികളായിരുന്നതിനാൽ അറസ്റ്റ് സമയത്ത് മതിയായ ബലം പ്രയോഗിച്ചതിൽ വച്ച് ടിയാന്മാർക്ക് നിസാര പരിക്കുകൾ പറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

....2

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ? | (സി) | ലഭിച്ചിട്ടുണ്ട്. അമ്പലപ്പുഴ പോലീസ് ഇൻസ്പെക്ടർക്ക് 29.10.2012-ൽ കിട്ടിയ പരാതിയിൽ അന്വേഷണം നടത്തിയതിൽ എസ്.ഐ.യും പോലീസ് പാർട്ടിയും 26.10.2012-ൽ പട്രോൾ ഡ്യൂട്ടി ചെയ്തു വരവെ കാക്കാഴം വ്യാസ ജംഗ്ഷനിൽ മദ്യപിച്ച് ലഹളയുണ്ടാക്കിയ 4 പേരെ മതിയായ ബലപ്രയോഗത്തിലൂടെ അറസ്റ്റ് ചെയ്യുകയും വൈദ്യപരിശോധന നടത്തി പോലീസ് സ്റ്റേഷനിൽ എത്തിച്ച് ക്രൈം നമ്പർ 1100/12 U/s 118(a) KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ ജാമ്യത്തിൽ വിട്ടിട്ടുള്ളതാണെന്ന് അറിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ